മംഗളം

04 May 2018

● പിഴല മാതൃകയിൽ കൂടുമത്സ്യകൃഷി

# സി.എം.എഫ്.ആർ.ഐയുടെ പിന്തുണതേടി മഹാരാഷ്ട്ര

**500 കൂടുമത്സ്യകൃഷി യൂണിറ്റുകൾക്ക് സാങ്കേതിക സഹായം നൽകാൻ മഹാരാഷ്ട്ര സർക്കാർ സി.എം.എഫ്.ആർ.ഐക്ക് സാമ്പത്തിക സഹായം നൽകും**

കൊച്ചി: കൂടുമത്സ്യ കൃഷിയിൽ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സി.എം.എഫ്.ആർ.ഐ) സാങ്കേതിക സഹായംതേടി മഹാരാഷ്ട്ര.

സി.എം.എഫ്.ആർ.ഐയുടെ നേതൃത്വത്തിൽ എറണാകുളം ജില്ലയിലെ പിഴലയിലും സംസ്ഥാനത്തിന്റെ മറ്റു ഭാഗങ്ങളിലും ചെയ്തുവരുന്ന കൂടുമത്സ്യ കൃഷി വിജയമാതൃകകൾ മഹാരാഷ്ട്രയിലും നടപ്പാക്കാനാണു മഹാരാഷ്ട്രയിലെ ധനകാര്യ ആസൂത്രണ സഹമന്ത്രി ദീപക് കേസാർക്കർ സി.എം.എഫ്.ആർ.ഐയുടെ പിന്തുണതേടിയത്.

സി.എം.എഫ്.ആർ.ഐയിൽ വിവിധ വകുപ്പ് മേധാവികളുമായി നടന്ന ചർച്ചയിലാണു മഹാരാഷ്ട്ര മന്ത്രി സഹായം ആവശ്യപ്പെട്ടത്.

മഹാരാഷ്ട്രയിലെ സിന്ധുദുർഗ് ജില്ലയിൽ 500 കൂടുകൃഷി യൂണിറ്റുകൾ സ്ഥാപിക്കാൻ ആവശ്യമായ സാങ്കേതിക സഹായം നൽകാൻ മഹാരാഷ്ട്ര സർക്കാർ സി.എം.എഫ്.ആർ.ഐക്കു സാമ്പത്തിക സഹായം നൽകുമെന്ന് അദ്ദേഹം പറഞ്ഞു. ചർച്ചയിൽ ധാരണയായതനുസരിച്ച് സി.എം.എഫ്.ആർ.ഐയിലെ മാരികൾച്ചർ വിഭാഗത്തിലെ ഒരു സംഘം മഹാരാഷ്ട്രയിലെ സിന്ധുദുർഗ് ജില്ലയിൽ സന്ദർശനം നടത്തി ജലാശയങ്ങളുടെ പാരിസ്ഥിതിക ഘടകങ്ങൾ വിലയിരുത്തും.

## പിഴല കൂടുകൃഷി മാതൃക

എറണാകുളം ജില്ലയിലെ പിഴല മാതൃകയിൽ സാധാരണക്കാർക്ക് ഉപജീവനമാർഗത്തിനു വഴിയൊരുക്കുന്ന രീതിയിൽ സിന്ധുദുർഗിലും കൂടുകൃഷി വ്യാപകമാക്കുകയാണു മന്ത്രിയുടെ ലക്ഷ്യം. സി.എം.എഫ്.ആർ.ഐയുടെ പിന്തുണയിൽ പിഴലയിൽ നടക്കുന്ന കൂടുകൃഷി സംരംഭങ്ങൾ വൻവിജയമായിരുന്നു.

മന്ത്രിയുടെകൂടെ സി.എം.എഫ്.ആർ.ഐയിലെത്തിയ മഹാരാഷ്ട്ര ചെറുകിട വ്യവസായ കോർപറേഷൻ ജോയിന്റ് ഡയറക്ടർ ലീന ബൻസോഡ് പിഴലയിലെ കൂടുമത്സ്യകൃഷി യൂണിറ്റുകൾ സന്ദർശിച്ചു.

പിഴല ദ്വീപിൽ സ്ത്രീകളുടെ കൂടി സജീവ പങ്കാളിത്തത്തിലാണ് കൂടുമത്സ്യകൃഷി. ഇരുന്നോറോളം കൂടുകളിലാണു പിഴലയിൽ മത്സ്യകൃഷി നടക്കുന്നത്. മഹാരാഷ്ട്രയിലെ കർഷകരുമായി അനുഭവങ്ങൾ പങ്കുവയ്ക്കാൻ പിഴലയിലെ കൂടുമത്സ്യ കർഷകരെ അവർ മഹാരാഷ്ട്രയിലേക്ക് ക്ഷണിച്ചു.

മഹാരാഷ്ട്ര അഡീഷണൽ പ്രിൻസിപ്പൽ ഫോറസ്റ്റ് കൺസർവേറ്റർ എൻ. വാസുദേവനും മന്ത്രി കേർസാർക്കറിനെ അനുഗമിച്ചു.

സി.എം.എഫ്.ആർ.ഐയെ പ്രതിനിധീകരിച്ച് മാരികൾച്ചർ വിഭാഗം മേധാവി ഡോ. ഇമൽഡ ജോസഫ്, ഫിഷറി റിസോഴ്സസ് അസസ്മെന്റ് വിഭാഗം മേധാവി ഡോ. ടി.വി. സത്യാനന്ദൻ, സമുദ്ര ജൈവവൈവിധ്യ വിഭാഗം മേധാവി ഡോ. കെ.കെ. ജോഷി, അടിത്തട്ട് മത്സ്യവിഭാഗം മേധാവി ഡോ. പി.യു. സക്കറിയ, പ്രിൻസിപ്പൽ സയിന്റിസ്റ്റുമാരായ ഡോ. സി. രാമചന്ദ്രൻ, ഡോ. എ.പി. ദിനേശ്ബാബു എന്നിവർ പങ്കെടുത്തു.



▪ മഹാരാഷ്ട്ര ചെറുകിട വ്യവസായ കോർപറേഷൻ ജോയിന്റ് ഡയറക്ടർ ലീന ബൻസോഡ് പിഴലയിലെ കൂടുമത്സ്യകൃഷി യൂണിറ്റുകൾ സന്ദർശിക്കുന്നു.